ശ്രീ. കെ. പി. അരവിന്ദാക്ഷൻ അവതരിപ്പിച്ച പ്രമേയം ഐകകണ്ഠ്യേന സഭ പാസ്സാക്കി.

X റൂളിംഗ്

പബ്ലിക് സർവ്വീസ് അംഗങ്ങളുടെ നിയമനം സംബന്ധിച്ച്

മി. സ്പീക്കർ : പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളെ നിയമിക്കുന്നത് സംബന്ധിച്ച് സഭ നിറുത്തിവച്ച് ചർച്ച ചെയ്യുന്നതിന് ശ്രീ. എ. എം. ഹസ്സൻ ഒരു അടിയന്തിര പ്രമേയത്തിന് കഴിഞ്ഞദിവസം (1-4-1991-ന്) നോട്ടീസ് നൽകിയിരുന്നു. പി. എസ്. സി. ഒരു സ്വതന്ത്ര സ്ഥാപനമായതിനാലും ഭരണഘടന അനുസരിച്ച് ഗവർണ്ണറാണ് പി. എസ്. സി. അംഗങ്ങളെ നിയമിക്കുന്നത് എന്നതിനാലും ആ നടപടി സഭയിൽ ചർച്ച ചെയ്യാൻ പാടില്ലെന്ന് ചെയർ റൂളിംഗ് നൽകിയിരുന്നു.

എന്നാൽ പി. എസ്. സി.യിലെ അംഗങ്ങളുടെ നിയമനം സംബന്ധിച്ച് ഈ സഭയിൽ ശ്രദ്ധ ക്ഷണിക്കൽ പ്രമേയമായി 1983 ആഗസ്റ്റ് 2-ാം തീയതി വരികയും അന്നത്തെ മുഖ്യമന്ത്രി മറുപടി പറയുകയും ചെയ്ത കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് റൂളിംഗ് പുനഃപരിശോധിക്കണമെന്ന് പ്രതിപക്ഷനേതാവ് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ രേഖകൾ പരിശോധിച്ചശേഷം റൂളിംഗ് പിന്നീട് നൽകുമെന്ന് അറിയിച്ചിരുന്നു.

പി. എസ്. സി. നിയമനങ്ങൾ സംബന്ധിച്ച് ഒരു സബ്മിഷൻ 1983 ആഗസ്റ്റ് 2-ാം തീയതി ഉന്നയിക്കുകയും മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പ്രതിപക്ഷനേതാവ് പറയുന്നതുപോലെ അത് ശ്രദ്ധ ക്ഷണിക്കൽ പ്രമേയമായിരുന്നില്ല. പി. എസ്. സി.യിൽ അംഗങ്ങളെ നിശ്ചയിക്കുന്നത് അതാത് പാർട്ടികളാണെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ വിവരം ആരായുന്നതിനുമാത്രമാണ് സബ്മിഷൻ ഉന്നയിച്ചത്. എന്നാൽ ശ്രീ. ഹസ്സന്റെ പ്രമേയം പി. എസ്. സി. അംഗങ്ങളുടെ നിയമനങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടിയും, നിയമനത്തിൽ അഴിമതിയും സ്വജനപക്ഷപാതവും ആരോപിച്ചുകൊണ്ടും ഉള്ളതായിരുന്നു. സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. അതുകൊണ്ടാണ് പ്രമേയം ചെയർ അനുവദിക്കാതിരുന്നത്.

പി. എസ്. സി.യെ പോലെ ഭരണഘടനാപരമായി സ്വതന്ത്രമായ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സഭയ്ക്കുള്ളിൽ ചർച്ച ചെയ്യുക ശരിയല്ലെന്നും അതേസമയം പി. എസ്. സി.യുടെ പ്രവർത്തനങ്ങൾ വാർഷിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഭയിൽ ചർച്ച ചെയ്യാവുന്നതാണെന്നും മുമ്പ് നൽകിയ റൂളിംഗ് പുനഃപരിശോധിക്കേണ്ട ആവശ്യമുള്ളതായി ചെയർ കരുതുന്നില്ല.

XI അവകാശലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ : 1990 ജൂലായ് 7-ാം തീയതി മാതൃഭൂമി, മലയാള മനോരമ, വീക്ഷണം എന്നീ ദിനപ്പത്രങ്ങളിൽ പ്രതിപക്ഷനേതാവ് ശ്രീ. കെ. കരുണാകരനേറ്റതായി വന്ന ഒരു പ്രസ്താവനയിലെ ചില പരാമർശങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹത്തിനെതിരെ ഒരു അവകാശ ലംഘന പ്രമേയത്തിന് ശ്രീ. കെ.പി. അരവിന്ദാക്ഷൻ ഒരു നോട്ടീസ് നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചെയർ ഇക്കാര്യത്തിൽ പ്രതിപക്ഷനേതാവിന്റെ വിശദീകരണം ആരായുകയുണ്ടായി. അദ്ദേഹം ഇക്കാര്യത്തിൽ നൽകിയ മറുപടിയിൽ, പത്ര സമ്മേളനത്തിൽ പ്രസ്താവിച്ച ചില കാര്യങ്ങൾ അവകാശലംഘനമാണെന്ന ആരോപണം തികച്ചും അടിസ്ഥാനരഹിതവും വസ്തുതകൾക്ക് വിരുദ്ധവും ദുരുദ്ദേശപരവും ആണെന്നും 28-6-1990-ൽ സ്പീക്കർ നൽകിയ റൂളിംഗിൽ, 285-ാം ചട്ടമനുസരിച്ച് ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്ററിൽ നിന്നും ഒരു നോട്ടീസ് ലഭിക്കുകയുണ്ടായി എന്ന് പ്രസ്താവിക്കുകയും അതിന്റെ ഉള്ളടക്കം സഭയിൽ വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്.

നോട്ടീസും പ്രതിപക്ഷനേതാവിന്റെ മറുപടിയും ചെയർ സൂക്ഷ്മമായി പരിശോധിക്കുകയുണ്ടായി. നിയമസഭയിൽ ഉന്നയിക്കുന്നതിനായി അനുമതി ആവശ്യപ്പെട്ടുവരുന്ന ഒരു പ്രശ്നം പരിഗണിച്ചശേഷം അതിന്റെ ഉള്ളടക്കം സഭയിൽ പരാമർശിക്കുക സ്വാഭാവികമാണ്. എന്നാൽ സ്പീക്കർ അവതരണാനുമതി നിഷേധിച്ചുകഴിഞ്ഞാൽ, അതേ പ്രശ്നം സംബന്ധിച്ച് സഭയ്ക്ക് പുറത്ത് ഏതെങ്കിലും ഒരംഗം ആരോപണം, ആവർത്തിക്കുകയാണെങ്കിൽ അതിന് സഭയ്ക്കുള്ളിൽ ഉന്നയിച്ച ആരോപണം എന്ന നിലയിലുള്ള ഭരണഘടനാപരമായ പരിരക്ഷ ഉണ്ടായിരിക്കുന്നതല്ല, മാത്രവുമല്ല, ഭരണഘടനയുടെ 194-ാം അനുച്ഛേദനമനുസരിച്ചുള്ള പരിരക്ഷ ഇല്ലാത്തതിനാൽ പ്രസ്തുത പ്രശ്നം ആരോപണവിധേയനായ വ്യക്തിക്ക് ഒരു പുതിയ ആരോപണം എന്ന നിലയിൽ കണക്കാക്കാവുന്നതിനും കോടതിയിൽ ഹർജ്ജി ചെയ്യുന്നതിനും അവകാശമുണ്ട്. ഇക്കാര്യം പ്രതിപക്ഷനേതാവ് ശ്രദ്ധിച്ചിട്ടുള്ളതായി ചെയറിന് തോന്നുന്നില്ല. എന്നാൽ ഈ പ്രശ്നത്തിൽ സഭയുടെ അവകാശങ്ങളെ ഹനിക്കണമെന്ന ഉദ്ദേശം പ്രതിപക്ഷനേതാവിനുണ്ടായിരുന്നതായി ചെയർ കരുതുന്നില്ല. ഈ സാഹചര്യത്തിൽ ശ്രീ. കെ.പി. അരവിന്ദാക്ഷനെ അവകാശലംഘന പ്രശ്നമുന്നയിക്കാൻ അനുമതി നിഷേധിക്കുന്നു.

2. 1989 ജൂലായ് 19-ാം തീയതിയിലെ 'ഹിന്ദു' ദിനപ്പത്രത്തിൽ "Brike charges against Chandrasekharan" എന്ന തലക്കെട്ടിൽ വന്ന പല പരാമർശങ്ങളെ അടിസ്ഥാനമാക്കി ഹിന്ദു പത്രത്തിനും സ്റ്റാഫ് റിപ്പോർട്ടർക്കുമെതിരെ അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിനെ വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി ഒരു നോട്ടീസ് നൽകിയിരുന്നു. ചെയർ ഇക്കാര്യത്തിൽ ഹിന്ദു പത്രത്തിനുവേണ്ടി എഡിറ്ററുടെ വിശദീകരണം ആരായുകയുണ്ടായി. അദ്ദേഹം തന്റെ വിശദീകരണ പ്രസംഗത്തിൽ അപ്രകാരം ശ്രീ. ടി.എം. ജേക്കബ് പ്രസ്താവിക്കുക ഉണ്ടായിയെന്ന ധാരണയിലാണ് പത്രലേഖകൻ റിപ്പോർട്ട് ചെയ്തെന്നും, മന്ത്രിയുടെ യശസ്സിന് കോട്ടമുണ്ടാക്കാൻ യാതൊരുവിധ ഉദ്ദേശവും ഉണ്ടായിരുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്.

ഹിന്ദുവിന്റെ ചീഫ് എഡിറ്റോറിയൽ പ്രതിനിധിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഒരു അവകാശലംഘന പ്രശ്നം ഉൾക്കൊള്ളുന്നതായി ചെയർ കരുതുന്നില്ല. എന്നിരുന്നാലും വിവാദപരമായ കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ ബന്ധപ്പെട്ടവർ അങ്ങേയറ്റം ജാഗ്രത പുലർത്തുന്നതിനും സഭയുടെ അന്തസ്സിന് കോട്ടം തട്ടാതിരിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണമെന്ന് പത്രലേഖകരെ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുവാൻ ചെയർ ആഗ്രഹിക്കുന്നു. ശ്രീ. കെ. ചന്ദ്രശേഖരന് അവകാശലംഘനപ്രമേയം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

2/836/92/V.

LIBRARY ARCHIVES Kerala Legislative Assembly

3. 1991 ജനുവരി 24-ാം തീയതിയിലെ മലയാള മനോരമ, 1991 ഫെബ്രുവരി 8-ാം തീയതിയിലെ 'ഹിന്ദു' എന്നീ ദിനപ്പത്രങ്ങളിൽ വന്ന ജസ്റ്റിസ് ശ്രീ. കെ.കെ. നരേന്ദ്രനേറെതായി വന്ന പ്രസ്താവനയിലെ ചില പരാമർശങ്ങളെ അടിസ്ഥാനമാക്കി, അദ്ദേഹത്തിനെതിരെ അവകാശ ലംഘന പ്രശ്നമുന്നയിക്കുന്നതിന് ശ്രീ. ടി. എം. ജേക്കബ് ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ജസ്റ്റിസ് നരേന്ദ്രന്റെ വിശദീകരണം ആരായുകയുണ്ടായി. അദ്ദേഹം നൽകിയ വിശദീകരണത്തിൽ ശ്രീ. ജേക്കബ് തനിക്കെതിരെ ഉന്നയിച്ച ആരോപണങ്ങളെല്ലാം നിഷേധിച്ചിരിക്കുന്നു. നിയമസഭയിൽ ശ്രീ. ജേക്കബ് നടത്തിയതായി പത്രങ്ങളിൽ വന്ന വാർത്തയിലെ പരാമർശങ്ങളും വാസ്തവവിരുദ്ധമാണെന്ന് താൻ പത്രപ്രസ്താവനയിൽ പറഞ്ഞുവെന്നും, നിയമസഭയിൽ ഹാജരായി മറുപടി നൽകാൻ അവസരമില്ലാത്ത ഒരു പൗരനെപ്പറ്റി നിയമസഭയിൽ അവാസ്തവമായ ആരോപണം ഉന്നയിച്ചാൽ, ആരോപണവിധേയനായ വ്യക്തിക്ക് മറുപടി പറയേണ്ടിവരുമെന്നും ഇത് നിയമസഭയോടുള്ള യാതൊരുവിധമായ അവഹേളനവുമല്ലെന്നും ജസ്റ്റിസ് നരേന്ദ്രൻ അറിയിച്ചിട്ടുണ്ട്. ശ്രീ. ജേക്കബിന്റെ പാർലമെന്ററി പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താനോ അദ്ദേഹത്തെ സമൂഹത്തിൽ അവമതിപ്പെടുത്താനോ താൻ ഒരു ശ്രമവും നടത്തിയിട്ടില്ലെന്നും സഭയോടും സഭാംഗങ്ങളോടും തനിക്ക് എന്നും ബഹുമാനവും മതിപ്പും ആണുള്ളതെന്നും ശ്രീ. നരേന്ദ്രൻ അറിയിച്ചിട്ടുണ്ട്. തനിക്കെതിരെ ശ്രീ. ജേക്കബ് നടത്തിയ വ്യക്തിപരമായ ആരോപണം ഉന്നയിക്കുമ്പോൾ തന്നെ അത് അവാസ്തവമാണെന്ന് ശ്രീ. ജേക്കബിന് അറിയാമായിരുന്നെന്നും, 'അറസ്റ്റ് വാറണ്ട് പുറപ്പെടുവിക്കുമെന്ന് പറഞ്ഞ് കമ്മീഷൻ ഭീഷണിപ്പെടുത്തി' എന്ന് പറഞ്ഞ ഭാഗം അപ്രകാരമുള്ളതാണെന്നും ശ്രീ. നരേന്ദ്രൻ അറിയിച്ചിട്ടുണ്ട്. ശ്രീ. ടി.എം. ജേക്കബിന്റെ പ്രസ്തുത പ്രസ്താവനവഴി തന്റെ അഭിമാനത്തിന് ക്ഷതം സംഭവിക്കുകയുണ്ടായെന്നും, ആയതിനാലാണ് ഇപ്രകാരം ഉത്തമവിശ്വാസത്തോടുകൂടി ഇങ്ങനെയൊരു പ്രസ്താവന ചെയ്തിട്ടുള്ളതെന്നും പറഞ്ഞിട്ടുണ്ട്.

ശ്രീ. ടി.എം. ജേക്കബിന്റെ നോട്ടീസും, ജസ്റ്റിസ് നരേന്ദ്രന്റെ മറുപടിയും നിയമസഭാ രേഖകളും പരിശോധിച്ചതിൽ, ജസ്റ്റിസ് നരേന്ദ്രനെതിരെയുള്ള വ്യക്തിപരമായ പരാമർശങ്ങളും ശ്രീ. ജേക്കബ് ഒഴിവാക്കേണ്ടതായിരുന്നുവെന്ന് ചെയറിന് അഭിപ്രായമുണ്ട്. ആരോപണങ്ങളും പത്രത്തിൽ അടിച്ചു വരുന്ന സ്ഥിതിക്ക് പ്രസ്തുത ആരോപണങ്ങളും നിഷേധിക്കാൻ ഒരു പൗരനെന്ന നിലയിൽ ജസ്റ്റിസ് നരേന്ദ്രനുള്ള അവകാശത്തെ ചെയർ തടയുന്നതിനാഗ്രഹിക്കുന്നില്ല, ഈ സാഹചര്യത്തിൽ കൂടുതൽ നടപടികളും ഇക്കാര്യത്തിൽ ആവശ്യമുണ്ടെന്നും ചെയറിന് അഭിപ്രായമില്ല. ശ്രീ. ടി.എം. ജേക്കബിന് അവകാശലംഘന പ്രശ്നമുന്നയിക്കാൻ അനുമതി നിഷേധിക്കുന്നു.

4. 1990 ജൂൺ 17-23 ലക്കം സൺഡേ വാരികയിൽ "Investigation the great cover-up" എന്ന തലക്കെട്ടിൽ വന്ന ലേഖനത്തിലെ ചില പരാമർശങ്ങളെ അടിസ്ഥാനമാക്കി, പ്രസ്തുത വാരികയുടെ പ്രിന്ററർക്കും, പബ്ലിഷർക്കും, ലേഖകൻ ശ്രീധരൻപിള്ളക്കുമെതിരെ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു നോട്ടീസ് നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചെയർ ഇക്കാര്യത്തിൽ വാരികയുടെ പ്രിൻറർ ആൻറ് പബ്ലിഷറുടെയും ലേഖകൻറെയും വിശദീകരണം ആരായുകയുണ്ടായി. അവർ ഇക്കാര്യത്തിൽ നൽകിയ മറുപടിയിൽ, സഭയുടെ പ്രത്യേകാവകാശങ്ങൾ ലംഘിച്ചുവെന്ന ആരോപണം നിഷേധിച്ചിട്ടുണ്ട്. പത്രപ്രവർത്തകർക്ക് സമൂഹത്തോടുള്ള കടമ നിർവ്വഹിക്കുക എന്ന സദുദ്ദേശത്തോടുകൂടി മാത്രം പ്രസിദ്ധീകരിച്ച ഒരു ലേഖനമായിരുന്നു അതെന്നും ബഹുമാനപ്പെട്ട അംഗങ്ങളെ അവരുടെ സഭയിലെ പ്രവർത്തനങ്ങളെ അപകീർത്തിപരമായി പ്രതിപാദിക്കുന്ന യാതൊരു പരാമർശങ്ങളും പ്രസ്തുത ലേഖനത്തിൽ അടങ്ങിയിട്ടില്ലെന്നും അവർ അറിയിച്ചിട്ടുണ്ട്. മാത്രമല്ല, സഭയിലെ അംഗങ്ങളുടെ അന്തസ്സിനു കോട്ടം തട്ടിക്കണമെന്ന യാതൊരു ഉദ്ദേശവും തങ്ങൾക്ക് ഇല്ലായിരുന്നുവെന്നും, ഏതെങ്കിലും അംഗത്തിന് അപ്രകാരം ഒരു തോന്നൽ ഉണ്ടായിട്ടുണ്ടെങ്കിൽ നിർവ്യാജമായി ഖേദിക്കുന്നു എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ സൺഡേ വാരിക എന്നും സഭയുടെയും ബഹുമാനപ്പെട്ട അംഗങ്ങളുടെയും അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിൽ മുൻകൈയെടുത്ത് പ്രവർത്തിച്ചിട്ടുണ്ടെന്നും, മേലിലും അപ്രകാരം തന്നെ പ്രവർത്തിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അതിനാൽ അവകാശലംഘന പ്രശ്നത്തിൽ നിന്നുമൊഴിവാക്കണമെന്നുകൂടി അവർ അഭ്യർത്ഥിച്ചിരിക്കുന്നു.

നോട്ടീസും പ്രസ്തുത മറുപടികളും ചെയർ വിശദമായി പരിശോധിച്ചു. ഇക്കാര്യത്തിൽ സഭയുടെയും ബഹുമാനപ്പെട്ട അംഗങ്ങളുടെയും പ്രത്യേക അവകാശങ്ങൾ ലംഘിക്കുക എന്ന ഉദ്ദേശം പത്രാധിപർക്കും ലേഖകനും ഇല്ലായിരുന്നു എന്നുള്ളതിനാലും ഇക്കാര്യത്തിൽ നിർവ്യാജമായ ഖേദം പ്രകടിപ്പിച്ചിരിക്കുന്നതിനാലും ഈ അവകാശലംഘനപ്രശ്നത്തിൻമേൽ നടപടികൾ ആവശ്യമുള്ളതായി ചെയർ കരുതുന്നില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിച്ചിരിക്കുന്നു.

5. 1990 ഡിസംബർ 19-ാം തീയതി വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി ശ്രീ. കെ. ചന്ദ്രശേഖരൻ നടത്തിയ ഒരു പ്രസ്താവനയിലെ ചില പരാമർശങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹത്തിനെതിരെ അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിന് ശ്രീ. പി.പി. ജോർജ്ജ് ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ മന്ത്രിയുടെ വിശദീകരണം ആരായുകയുണ്ടായി. അദ്ദേഹം തൻറെ മറുപടിയിൽ, 19-12-1990-ന് ഈ പ്രസ്താവന അസംബ്ലിയിൽ നടത്തുമ്പോൾ ഓരോരുത്തർക്കും എത്ര മാർക്ക് വീതം കൂട്ടിക്കൊടുത്തുവെന്ന് സർവ്വകലാശാല അറിയിച്ചിരുന്നില്ലെന്നും, പ്രസ്തുത വിവരം ഇതുവരെ അറിയിച്ചിട്ടില്ലെന്നും, പ്രൊഫഷണൽ കോഴ്സിന് പ്രവേശനത്തിന് അർഹരാകുവാൻ ചുരുങ്ങിയ മാർക്ക് കിട്ടുവാൻ വേണ്ടത്ര മാർക്ക് നാല് കുട്ടികൾക്ക് കൂട്ടിക്കൊടുത്തുവെന്നാണ് സർവ്വകലാശാല അറിയിച്ചിട്ടുള്ളതെന്നും, എന്നാൽ 21-8-1990-ലെ സിൻഡിക്കേറ്റ് മീറ്റിങ്ങിൽ കുട്ടികൾക്ക് (അര മാർക്ക് ഒരു കുട്ടിക്കും ഒരു മാർക്ക് മറ്റേ കുട്ടിക്കും) കൂട്ടിക്കൊടുത്ത് അവരെ പ്രൊഫഷണൽ കോഴ്സിന് അർഹരാക്കിയെന്നും ഈ ഓർമ്മ വച്ചാണ് 21-11-1990-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം അര മാർക്ക് വീതം കൂട്ടിക്കൊടുത്തതെന്നാണ് തോന്നുന്നു അവർക്ക് പ്രൊഫഷണൽ കോഴ്സിന് പ്രവേശനം കിട്ടുവാൻ അർഹരാക്കിയത് എന്ന പ്രസ്താവന നടത്തിയതെന്നും അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നോട്ടീസും മന്ത്രിയുടെ മറുപടിയും പരിശോധിച്ചതിൽ ഇക്കാര്യത്തിൽ ഒരു അവകാശലംഘനം അടങ്ങിയിട്ടുള്ളതായി ചെയർ കരുതുന്നില്ല. ശ്രീ. പി. പി. ജോർജ്ജിന് അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

6. 1991 മാർച്ച് 12-ാം തീയതി മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ സഭയിൽ നടത്തിയ ഒരു പ്രസ്താവനയിലെ ചില പരാമർശങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹത്തിനെതിരെ അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിന്, ശ്രീ. വയലാർ രവി ഒരു നോട്ടീസ് നൽകിയിരുന്നു.

ശ്രീ. വയലാർ രവിയുടെ നോട്ടീസും നിയമസഭാ രേഖകളും ചെയർ സൂക്ഷ്മമായി പരിശോധിച്ചു. ശ്രീ. രവി ആരോപിക്കുന്നതുപോലെ ശ്രീ. ഇ.എം.എസ്. പറഞ്ഞത് സെൻട്രൽ കമ്മിറ്റി തീരുമാനമല്ലെന്നും താൻ പറഞ്ഞതാണ് സെൻട്രൽ കമ്മിറ്റി തീരുമാനമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവിച്ചിട്ടില്ല. മാത്രവുമല്ല, അംഗീകൃത പാർലമെന്ററി കീഴ്വഴക്കങ്ങളനുസരിച്ച് ഒരംഗം സഭയിൽ നടത്തുന്ന പ്രസ്താവനയ്ക്ക് വിരുദ്ധമായി പത്രത്തിൽ ഏതെങ്കിലും പ്രസ്താവനകളോ പ്രഖ്യാപനങ്ങളോ വന്നാൽ അവ പ്രഥമദൃഷ്ട്യാ തന്നെ പരിഗണനാർഹമല്ല. മാത്രവുമല്ല, സഭാംഗങ്ങളല്ലാത്ത ശ്രീ. ഇ.എം.എസ്. ഓ ശ്രീ. ഹർകിഷൻ സിംഗ് സുർജിതോ ഇങ്ങനെയൊരു പ്രസ്താവന നടത്തിയിട്ടുണ്ടെങ്കിൽ പോലും അതിന്റെ പേരിൽ ശ്രീ. നായനാർക്കെതിരെ അവകാശലംഘന പ്രശ്നമുന്നയിക്കാൻ ആവില്ല. അതിനാൽ ഇക്കാര്യത്തിൽ ഒരു അവകാശലംഘനപ്രശ്നമടങ്ങിയിട്ടുള്ളതായി ചെയർ കരുതുന്നില്ല. ശ്രീ. വയലാർ രവിക്ക് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

ഇനി ഒരു കാര്യംകൂടി പറയാനുണ്ട്. ഇവിടെ സെലക്ട് കമ്മിറ്റിയുടെ അഭിപ്രായപ്രകാരം നമ്മുടെ നിയമസഭാ സെക്രട്ടേറിയറ്റ് വനിതാ കമ്മിഷൻ ബില്ലിന് ഒരു ബാക്ക്ഗ്രൗണ്ട് മെറ്റീരിയൽസ് അംഗങ്ങൾക്ക് വിതരണം ചെയ്തിരുന്നു. അതിൽ ചില വിവാദപരമായ കാര്യങ്ങൾ കടന്നു കൂടിയിട്ടുണ്ട്. അത് ഒഴിവാക്കേണ്ടതായിരുന്നു. പക്ഷെ അത് മനഃപൂർവ്വമല്ല, ഒരു പ്രസ്ത സ്ഥാപകർത്താവിന്റെ ലേഖനം അപ്പടി അതിൽ ചേർക്കുകയാണുണ്ടായിട്ടുള്ളത്. എന്നാൽ ആ ലേഖനത്തിൽ അടങ്ങിയിട്ടുള്ള ഉള്ളടക്കം സംബന്ധിച്ച് വിവാദമുള്ളതുകൊണ്ട് സൂക്ഷിക്കേണ്ടതായിരുന്നു. അതിൽ ഖേദമുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, കേരള നിയമസഭയിലേക്ക് തെരഞ്ഞെടുപ്പ് നടത്താൻ ഗവൺമെന്റ് ശുപാർശ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ സഭ അനിശ്ചിത കാലത്തേക്ക് പിരിയണമെന്നപേക്ഷിക്കുന്നു.

മി. സ്പീക്കർ : എല്ലാ അംഗങ്ങൾക്കും ഒരിക്കൽകൂടി എന്റെ ആശംസകൾ. എല്ലാവരും വിജയശ്രീലാളിതരായി മടങ്ങി വരട്ടെയെന്ന് ഒരിക്കൽകൂടി ആശംസിക്കുന്നു. സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞിരിക്കുന്നു.

(1991 ഏപ്രിൽ 4-ാം തീയതി വൈകുന്നേരം 6.10-ന് സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

GOVERNMENT OF KERALA

General Administration (Political) Department

NOTIFICATION

No. 32497/Pol. 2/91/GAD. *Dated, Thiruvananthapuram, 5th April, 1991.*

In exercise of the powers conferred upon me by Sub Clause (b) of Clause (2) of Article 174 of the Constitution of India, I, B. Rachaiah, Governor of Kerala, hereby dissolve the Eighth Kerala Legislative Assembly with effect from the 5th day of April, 1991.

B. RACHAIAH,
Governor of Kerala.

LIBRARY ARCHIVES Kerala Legislative Assembly